



# അക്കാദമിക മാസ്റ്റർ പ്ലാൻ

## വി.വി.എൽ.പി.എസ്

## ചിറ്റിലപ്പിള്ളി

## 2025-'26





CamScanner

# V.V.L.P SCHOOL CHIITTILAPPILLY

V.V. SCHOOL, CHITTILAPPILLY



## Acadamic MASTER PLAN

2025-26

## School code : 22616

CamScanner

# ലക്ഷ്യങ്ങൾ

## ഗുണമേന്മയുള്ള വിദ്യാഭ്യാസം

1 മുതൽ 4 വരെ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു. പാഠ്യേതര വിഷയങ്ങളിൽ ധാരണ, പരിസ്ഥിതി ജ്ഞാനം എന്നിവ കുട്ടിയിൽ എത്തിക്കുന്നു. കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസലക്ഷ്യം കൈവരിക്കാൻ കുട്ടിയെ സഹായിക്കുന്നു. ഉന്നതനിലവാരത്തിലുള്ള പഠനം ഉറപ്പാക്കാൻ കാര്യക്ഷമമായ അധ്യാപകപരിശീലനവും അധ്യാപക ഇടപെടലും അനിവാര്യമാക്കുന്നു.

സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവത്ക്കരിക്കുന്നു. അതാത് ഘട്ടങ്ങളിൽ വിദ്യാർത്ഥികൾ എന്തെല്ലാം പഠനലക്ഷ്യങ്ങൾ സ്വാംശീകരിച്ചുവെന്ന് വിലയിരുത്തുന്നു. മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം ഉളവാക്കുന്നു. ലോകത്തെവിടെയുള്ള സമപ്രായക്കാരുമായി നേടിയ അറിവിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ സംവദിക്കാനുള്ള ശേഷി കൈവരിച്ചുവെന്ന് ഉറപ്പാക്കുന്നു. പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുന്നു.

## ശിശുസൗഹൃദ പരിസ്ഥിതി സൗഹൃദ വിദ്യാലയം

പൂർണ്ണമായും ശിശുകേന്ദ്രീകൃതമായ വിദ്യാർത്ഥി സമീപനരീതി ആധുനികമായി പരിഷ്ക്കരിക്കുകയും അതിനനുസരിച്ച് അധ്യാപകപരിശീലനം സംഘടിപ്പിക്കുകയും ചെയ്യുന്നു. ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജൈവികമാക്കി വികസിപ്പിച്ചെടുത്ത് പ്രകൃതിക്കിണങ്ങിയ വിദ്യാഭ്യാസ മാതൃക പ്രവർത്തകമാക്കുന്നു. പരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസം സാധ്യമാകുന്ന തരത്തിൽ ഭൗതിക പരിസരത്തിലും ക്ലാസ്റൂം ആർക്കിടെക്ചറിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നു.

CamScanner

## സമഗ്ര പോഷകാഹാര പരിപാടി

ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുത്തെങ്കിൽ മാത്രമേ ഉന്നതരീതിയിലുള്ള വിദ്യാഭ്യാസം ആർജിക്കാനാകൂ. കുട്ടികൾക്ക് ആരോഗ്യം ഉണ്ടായാൽ പഠനത്തിൽ കുടുതൽ ശ്രദ്ധ ചെലുത്താനും കുടുതൽ ആഴത്തിൽ വസ്തുക്കളെ മനസ്സിലാക്കാനും സാധിക്കും.

പോഷകസമ്പുഷ്ടമായ ഉച്ചഭക്ഷണം ഇതിനായി കുട്ടികൾക്കു നൽകണം ഇലക്കറികൾ, പച്ചക്കറികൾ, പയർവർഗങ്ങൾ, എന്നിവ ഉൾപ്പെട്ട ഭക്ഷണം കുട്ടികൾക്കു ലഭിക്കണം. കുടാതെ പാൽ, മുട്ട എന്നിവയും ലഭ്യമാക്കണം. വിഷമമല്ലാത്ത പുതിയതും ജൈവകൃഷിയിലൂടെ ഉൽപാദിപ്പിച്ചതുമായ വിഭവങ്ങളാകണം ഇങ്ങനെ കുട്ടികളുടെ ഭക്ഷണത്തിനായി ഉപയോഗിക്കേണ്ടത്. സ്കൂളിൽ വെച്ചുതന്നെ കാർഷികസംസ്ക്കാരം പുതിയ തലമുറയിൽ വളർത്താനായി ശാസ്ത്രീയമായ കൃഷി രീതികൾ പരിചയപ്പെടുത്തണം വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കണം. ഇതിനായി PTA, OSA, Retired, Trs കൃഷിവകുപ്പ് പ്രാദേശികകർഷകർ അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹായം ലഭ്യമാക്കണം.

പാചകപ്പുര ആധുനിക വൽക്കരിക്കുകയും കുട്ടികൾക്ക് മെസ്ഹാൾ, ആവശ്യമായ പാത്രങ്ങൾ എന്നിവ ഉറപ്പുവരുത്തുകയും വേണം. പുകയില്ലാത്ത അടുപ്പ് ഗ്യാസടുപ്പ് എന്നിവ സ്ഥാപിക്കണം.

## പരിസ്ഥിതിക്കനുകൂലമായ സ്കൂൾ പരിസരം

പരിസ്ഥിതിക്കനുകൂലമായ സ്കൂൾ പരിസരം ഒരുക്കാൻ മാലിന്യനിർമ്മാർജ്ജനം ഒരു സംസ്ക്കാരമായി രൂപപ്പെടുത്തണം. പ്ലാസ്റ്റിക് മുക്തകീടനാശിനി മുക്ത-ലഹരി മുക്ത കാമ്പസുകൾ ഉണ്ടാകണം. പരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസം സാധ്യമാകുന്ന തരത്തിൽ ഭൗതിക പരിസരത്തിലും ക്ലാസ്റൂം ആർക്കിടെക്ചറിലും കലോചിതമായ മാറ്റങ്ങൾ വരുത്തണം പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസരസാധ്യതകൾ പ്രയോജനപ്പെടുത്തണം. ഇതിനായി ജൈവവൈവിധ്യ ഉദ്യാനങ്ങൾ സൃഷ്ടിക്കണം. സ്കൂൾ പരിസരം ഹരിതാഭമാക്കണം.

CamScanner

## വിദ്യാലയങ്ങളുടെ സമഗ്രവികസനത്തിനുവേണ്ട സാമൂഹ്യ പിന്തുണ

വിദ്യാലയങ്ങളുടെ സമഗ്ര വികസനത്തിനായി ആ നാട്ടിലെ എല്ലാവരും അവരാലാകുന്ന സേവനം ചെയ്യണം. സാമൂഹ്യ പിന്തുണയോടെ ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ക്ലാസ്സ് റൂമിൽ ലഭ്യമാക്കി ക്ലാസ്സ്മുറികളെ ഹൈടെക് ആക്കണം. കൂടാതെ സ്കൂൾ കെട്ടിടം ആകർഷകമാക്കൽ, കുട്ടികൾക്കും മുതിർന്നവർക്കും വായനയ്ക്കായി റീഡിങ്ങ് റൂം I.T അധിഷ്ഠിത പഠനസാമഗ്രികൾ, മെസ്ഹാൾ, ഭക്ഷണംപാകം ചെയ്യുവാനും കഴിക്കാനുമുള്ള പാത്രങ്ങൾ എന്നിവ സാമൂഹ്യ പിന്തുണയോടെ ഉണ്ടാക്കണം.

ലാബ്. ലൈബ്രറി സംവിധാനങ്ങൾ ആധുനികവൽക്കരിക്കുക ചിൽഡ്രൻസ് പാർക്ക്, കളിയുപകരണങ്ങൾ, ജൈവവൈവിധ്യ ഉദ്യാനം ഇവ ഒരുക്കാനും പരിപാലിക്കാനും നേതൃത്വം വഹിക്കണം.

വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ, ശാസ്ത്രീയമായ വിദ്യാഭ്യാസ രീതിയെക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കൽ വിദ്യാർത്ഥികളെയും വിദ്യാലയത്തെയും അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ എന്നീ മേഖലകളിൽ കാര്യക്ഷമമായ ഇടപെടൽ സമൂഹത്തിൽ നിന്നും ഉണ്ടാകണം.

ഒരു നല്ല നാടിനേ നല്ല സ്കൂൾ എന്ന ആശയം പൂർണമാക്കാനാകൂ. അതിനായി നാട്ടിലെ സകല ജനങ്ങളും കൈകോർക്കണം .

## ICT പഠനം പൂർണമാക്കുക

ഐ.ടി അധിഷ്ഠിത പഠന സാമഗ്രികൾ വികസിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും അധ്യാപകരെ പ്രാപ്തരാക്കുക ഒന്നുമുതൽ 4 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവനനുസരിച്ച് നേടാനായി ICT അധിഷ്ഠിത വിദ്യാഭ്യാസം സിലബസിനനുസരിച്ച് നൽകണം പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകാൻ ഇതുപകരിക്കും. ലോകത്തെവിടെയുള്ള സമപ്രായക്കാരുമായി നേടിയ അറിവിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ സംവദിക്കാനുള്ള ശേഷി ICT സാങ്കേതിക വിദ്യാസാധ്യ

തകളെല്ലാം പഠനപ്രവർത്തനത്തിനായി വിനിയോഗിക്കും. ക്ലാസ്സ് മുറികൾ ആധുനികവത്ക്കരിക്കുകയും അനുയോജ്യമായ ഇ-കണ്ടന്റ് വികസിപ്പിക്കുകയും ചെയ്യും. സ്കൂൾ ഗ്രന്ഥാലയം ആധുനികവത്ക്കരിക്കും. ഇതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി വിദ്യാലയങ്ങളിൽ ക്രമീകരിക്കും വിദഗ്ധ പരിശീലനം ലഭിച്ചവരെ ലൈബ്രറി നടത്തിപ്പിനു ചുമതലപ്പെടുത്തും.

# ചരിത്രം

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ അറിവ് ആയുധമാക്കി വിദ്യയാണ് സ്വാതന്ത്ര്യത്തിലേക്കുള്ള സമരപാത എന്ന യാഥാർത്ഥ്യബോധത്താൽ അരിമ്പൂരത്ത് മാധവൻ നായരുടെ നേതൃത്വത്തിൽ തുടങ്ങി വെച്ച വിദ്യാഭ്യാസസ്ഥാപനമാണ് വിവി സ്കൂൾ ചിറ്റിലപ്പിള്ളി കേരളത്തിന്റെ സാംസ്കാരികതലസ്ഥാനമായ തൃശൂർ പട്ടണത്തിൽ നിന്ന് 11 കി.മീറ്ററോളം പടിഞ്ഞാട്ടുമാറി തലയുയർത്തിനിൽക്കുന്ന വിലങ്ങൻ കുന്നിന്റെയും തൃശൂർ ജില്ലയുടെ നെല്ലറയെന്ന് വിശേഷിപ്പിക്കുന്ന മുള്ളൂർ കായലിന്റെയും മധ്യത്തിലായി സ്ഥിതിചെയ്യുന്ന ചിറ്റിലപ്പിള്ളി എന്ന കൊച്ചുഗ്രാമത്തിന് അറിവിന്റെ പ്രകാശധാരയൊഴുക്കിക്കൊണ്ട് കഴിഞ്ഞ 96 വർഷമായി നിലകൊള്ളുകയാണ്. ഈ സരസ്വതീക്ഷേത്രം. ലോകത്തെ ആധ്യാത്മികതകൊണ്ട് കീഴടക്കിയ തികഞ്ഞ മനുഷ്യസ്നേഹിയായ സ്വാമി വിവേകാനന്ദന്റെ നാമധേയത്തിലാണ് വിവേകാനന്ദ വെർണാകുലർ എന്ന പ്രാഥമിക വിദ്യാലയം ആരംഭിച്ചത്. അദ്ധ്വാനശീലരും നിഷ്കളങ്കരുമായ കൃഷിക്കാരായിരുന്നു ചിറ്റിലപ്പിള്ളിയിലെ ഗ്രാമീണർ. നിരക്ഷരരായ ഗ്രാമീണരെ അറിവിന്റെലോകത്തിലേക്ക് നയിക്കണമെന്നും വിദ്യാലയമാണ് സർവ്വധനാൽ പ്രധാനമെന്നും മനസ്സിലാക്കിയ ഒരു മഹത്വ്യക്തിയായിരുന്നു. ശ്രീ. അരിമ്പൂരത്ത് മാധവൻനായർ. അന്ന് അറിവിന്റെ ആദ്യക്ഷരങ്ങൾ തേടി വളരെയകലെയുള്ള പുറനാട്ടുകര ആശ്രമം സ്കൂളിനെയും പറപ്പൂർ സ്കൂളിനെയുമായിരുന്നു കുട്ടികൾ ശരണം പ്രാപിച്ചിരുന്നത്. ശക്തിയേറിയ കാലവർഷക്കാലം കുട്ടികൾക്ക് വലിയ പേടിസ്വപ്നമായിരുന്നു. നനഞ്ഞു കുതിർന്ന് വേച്ചുവേച്ചു നടന്ന് പോകുന്ന വിദ്യാർത്ഥികളുടെ യാത്രാദുരിതം കണ്ടാണ് ശ്രീ.മാധവൻ നായർ അന്നത്തെ M.L.Cയും തന്റെ സുഹൃത്തുമായിരുന്ന പറപ്പൂരിലെ പുരാതന കുടുംബാംഗമായ കുണ്ടുകുളങ്ങര ഔസേപ്പ് മകൻ ഔസേപ്പിനെ സമീപിച്ചത്. മുള്ളൂരിലേയും ചിറ്റിലപ്പിള്ളിയിലേയും കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ഒരു വിദ്യാലയം സ്ഥാപിക്കണമെന്നായിരുന്നു ആവശ്യം. അതിന് ആത്മാർത്ഥമായി ശ്രമിച്ചു. എത്രയും പെട്ടെന്ന് അനുവാദം ലഭിക്കുകയും ചെയ്തു.

അങ്ങനെ 1928 നവംബർ 20-ാം തിയതി വിവേകാനന്ദവെർണാകുലർ സ്കൂൾ എന്ന ഈ വിദ്യാലയത്തിന് സ്വപ്നസാക്ഷാത്ക്കാരമായി കവുങ്ങും മുളയും ഓലയും ഉപയോഗിച്ച് സ്കൂൾ ഷെഡ്ഡ് കെട്ടിയുയർത്തി അതായിരുന്നു ആദ്യത്തെ വി.വി.സ്കൂൾ പറപ്പൂർ നിവാസിയായ ഉതുപ്പുമാസ്റ്ററായിരുന്നു ഹെഡ്മാസ്റ്റർ. വൈകാതെത്തന്നെ ഓടിട്ട കെട്ടിടം പണിയാൻ സാധിച്ചു 2 വീതം ഡിവിഷനുകൾ , അങ്ങനെ 8 ക്ലാസ്സുകളായിരുന്നു ഉൽഘാടനത്തിന് മഹത്വ്യക്തികൾ വന്നിരുന്നു. കാലങ്ങൾ നീങ്ങി. കുട്ടികൾക്ക് കളിക്കാൻ സ്ഥലം പോരെന്നായി. ക്ലാസ്സുമുറികൾക്ക് വിസ്താരവും പോരെന്നായി. മാത്രമല്ല ഗ്രാമത്തിന്റെ മധ്യത്തിലാവുകയാണ് സ്കൂളിന് ഉചിതമെന്നു മനസ്സിലാക്കിയപ്പോൾ അന്നത്തെ M.L.C യായിരുന്ന കുഞ്ഞുകുട്ടൻ തമ്പുരാന്റെ കൈതപ്പറമ്പിൽ നിന്ന് സ്ഥലം സ്റ്റാഫിന്റെ പേരിൽ വാങ്ങി. അവിടെ ആദ്യം സ്കൂളിന് തറ പണിതു. അതിനു മീതെ ഓലകൊണ്ട് ഷെഡ്ഡ് തീർത്തു. എന്നാൽ കൊടുങ്കാറ്റിൽ ആ ഷെഡ്ഡ് തകർന്നുവീണു. നാട്ടിൽ വളരെയധികം നാശനഷ്ടങ്ങൾ വരുത്തിയ കൊടുങ്കാറ്റായിരുന്നു അതെന്നാണ് പറയുന്നത്. പിന്നീട് പണിതുയർത്തിയതാണ് ഇന്നു കാണുന്ന കെട്ടിടം. അപ്പോഴേയ്ക്കും സ്കൂൾ മാനേജ്മെന്റ് അധ്യാപകരിലേക്ക് കൈമാറിയിരുന്നു. ചിറ്റിലപ്പിള്ളിയിലേയും പരിസരത്തേയും പതിനായിരങ്ങളെ വിദ്യാസമ്പന്നരാക്കാൻ ഈ വിദ്യാലയം വഹിച്ച പങ്ക് സ്തുത്യർഹമാണ്. ഇവിടെനിന്ന് വിദ്യ നേടി ജീവിതത്തിന്റെ വിവിധതലങ്ങളിൽ ഉയർന്ന് വന്നവർ നിരവധിയാണ്. ഇതൊരു അപ്പർപ്രൈമറി സ്കൂളായി ഉയർന്നുകാണാൻ മോഹിക്കുന്നവരാണ് അധ്യാപകരും നാട്ടുകാരിലധികവും. അതിനുവേണ്ടി ജനപ്രതിനിധികളും, പി.ടി.എയും അധ്യാപകരും നാട്ടുകാരും ശ്രമിച്ചുവെങ്കിലും ആ ആഗ്രഹം നേടാനായില്ല. യു.പി സ്കൂളാക്കാൻ സ്ഥലം പോര എന്നറിഞ്ഞപ്പോൾ 1973-ൽ 13 സെന്റ് സ്ഥലം കൂടി വാങ്ങി സ്കൂൾ കോമ്പൗണ്ടിനോട് ചേർക്കുകയുണ്ടായി. വിദ്യാഭ്യാസപരമായും സാംസ്കാരികമായും ചിറ്റിലപ്പിള്ളി മുൻപന്തിയിൽ വരാൻ കാരണം ഈ വിദ്യാലയം തന്നെയാണ്.

# മികവുകൾ (അക്കാദമികം)

## Class P.T.A

എല്ലാമാസവും സജീവമായി Class P.T.A ചേരുകയും ഓരോ മാസത്തിലെ പഠനനേട്ടങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. സംശയനിവാരണം നടത്തുന്നു. കുട്ടികളുടെ പഠനോല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. ഓരോ മാസത്തിലും ഒരു ദിവസംപോലും മുടങ്ങാതെ വന്ന കുട്ടികളെ അനുമോദിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട് കഥ, കവിത, സ്കിറ്റ്, സംഭാഷണം എന്നിവ കുട്ടികൾ അവതരിപ്പിക്കുന്നു. 75% രക്ഷിതാക്കളും എത്തിച്ചേരാറുണ്ട്.

## അസംബ്ലി

ഓരോ ആഴ്ച ഇടവിട്ട് ഇംഗ്ലീഷും മലയാളവും മാറിമാറിയാണ് അസംബ്ലി നടത്തുന്നത്. ഓരോ മാസം ഓരോ ക്ലാസ്സ് വീതമാണ് അസംബ്ലി നടത്തുന്നത്. ഒരു അധ്യാപികയ്ക്ക് അതിന്റെ ചാർജും ഉണ്ടായിരിക്കും. എല്ലാ ദിവസവും കുട്ടികളുടെ കടംകഥ, പഴഞ്ചൊല്ല് എന്നിവയും ഉണ്ടായിരിക്കും. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം അധ്യാപകരുടെ കഥയും മലയാളത്തിലും ഇംഗ്ലീഷിലും മാറി മാറി ഉണ്ടായിരിക്കും. ഇത് കുട്ടികൾക്ക് വളരെ താത്പര്യം ഉണ്ടാക്കുന്നു.

## ദിനാചരണങ്ങൾ

SRG യിൽ ഓരോ മാസത്തെയും ദിനാചരണങ്ങൾ കണ്ടെത്തുന്നു. ഓരോ മാസവും അസംബ്ലിയ്ക്ക് ചുമതലയുള്ള അധ്യാപിക ദിനാചരണങ്ങൾ കണ്ടെത്തി മുൻകൂട്ടി കുട്ടികൾക്ക് വേണ്ട നിർദേശം നൽകുന്നു. പോസ്റ്റർ, പ്ലക്കാർഡ് കുറിപ്പ്, സന്ദേശം, പ്രതിജ്ഞ, ചിത്രങ്ങൾ തുടങ്ങിയ എല്ലാ കുട്ടികളും അധ്യാപകരും കാണത്ത വിധത്തിൽ അസംബ്ലിയിൽ മുൻഭാഗത്തായി നിന്ന് പ്രദർശിപ്പിക്കുകയും വായിക്കുകയും ചെയ്യുന്നു. കൂടാതെ ദിവസത്തിന്റെ പ്രാധാന്യം H.Mഉം ചാർജ്ജ് ഉള്ള ടീച്ചറും വിശദീകരിക്കുന്നു. ക്വിസ്, ചിത്രരചനാമത്സരം, വായനാമത്സരം എന്നിവ നടത്തിവരുന്നു.

CamScanner

## ക്ലബ്ബുകൾ

വിദ്യാരംഗം, ഗണിതം, സയൻസ്, സോഷ്യൽ സയൻസ്, കാർഷികം, ഹെൽത്ത്, സ്പോർട്ട്സ് തുടങ്ങിയ ക്ലബ്ബുകൾ മികച്ചരീതിയിൽ പ്രവർത്തിച്ചുവരുന്നു. ക്വിസ്, രചനാമത്സരങ്ങൾ, വായനാമത്സരങ്ങൾ തുടങ്ങിയവ നടത്തിവരുന്നു.

## വായന

വായനയ്ക്ക് പ്രാധാന്യം നൽകികൊണ്ട് ക്ലാസുകളിൽ വായനമൂല സജ്ജീകരിക്കുന്നു. ആഴ്ചയിൽ 3 പിരീഡും ഒഴിവുസമയങ്ങളിലും വായിക്കാൻ അവസരം, നൽകുന്നു. വായനാമത്സരങ്ങൾ സംഘടിപ്പിച്ച് മികച്ചവായനക്കാരെ കണ്ടെത്തി സമ്മാനങ്ങൾ നൽകുന്നു.

## ലൈബ്രറി

കുട്ടികൾക്ക് വീടുകളിലേക്ക് പുസ്തകങ്ങൾ കൊടുക്കുന്നുണ്ട്. അത് വായിച്ച് കഥ പറയൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, കവിതാപാരായണം, എന്നിവ നടത്തിവരുന്നു. രണ്ടാഴ്ചക്കൊരിക്കൽ പുസ്തകങ്ങൾ മാറിവായിക്കാനാവസരം നൽകുന്നു. ഒഴിവുസമയങ്ങളിൽ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ എടുത്തുവായിക്കാനും കുട്ടികൾ സമയം കണ്ടെത്താറുണ്ട്.

## പഠനപ്രവർത്തനങ്ങൾ

മലയാളം : ലളിതമധുരമായ ശൈലിയിലൂടെ മലയാളഭാഷാപഠനം നൽകുന്നു. കഥ, കവിത, സംഭാഷണം, ആത്മകഥ, വിവരണം, നാടകം എന്നിവ പാഠഭാഗവുമായി ബന്ധപ്പെട്ട് അവതരിപ്പിക്കുന്നു.

## ഗണിതം

ഗണിതകേളികൾ, പസിൽസ്, സംഖ്യാപോക്കറ്റ് ഗണിതകിറ്റ് തുടങ്ങിയവ ഉപയോഗിച്ച് ലളിതമായ കളികളിലൂടെ ഗണിതം എളുപ്പമാക്കുന്നു.

CS CamScanner

പരിസരപഠനം

നിരീക്ഷണപരീക്ഷണങ്ങൾ, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, പ്രോജക്ട് തുടങ്ങി രസകരമായ പ്രവർത്തനങ്ങളിലൂടെ പരിസരപഠനം കുട്ടികൾ സ്വായത്തമാക്കുന്നു.

ഇംഗ്ലീഷ്

ക്ലാസ്സിൽ സിമ്പിൾ ഇംഗ്ലീഷ് ഉപയോഗിച്ച് കുട്ടികൾക്ക് കഥ, സംഭാഷണം എന്നിവ നടത്തി വരുന്നു, കൂടാതെ ആഴ്ചയിൽ ഒരു ദിവസം ഒരു ടീച്ചർ അസംബ്ലിയിൽ ഇംഗ്ലീഷ് കഥ വളരെ മനോഹരമായി കുട്ടികൾക്ക് രസകരമായ വിധം അവതരിപ്പിക്കുകയും പിറ്റേദിവസം ആ കഥ കുട്ടികളെകൊണ്ട് അഭിനയിപ്പിക്കുകയും ചെയ്തു വരുന്നു. കുട്ടികളിൽ കമ്മ്യൂണിക്കേഷൻ സ്കിൽ വളർത്താൻ ഇത് ഉപകരിക്കുന്നു.

കമ്പ്യൂട്ടർ പരിജ്ഞാനം

എല്ലാ അധ്യാപകരും കമ്പ്യൂട്ടർ പരിജ്ഞാനം നേടിയവരാണ്. പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടർ ഉപയോഗിച്ചുതന്നെയാണ് ഇവിടെ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നത്. 'കളിപ്പെട്ടി' യിലൂടെ പഠനം മികവുറ്റതാക്കാൻ അധ്യാപകർ ശ്രമിക്കുന്നുണ്ട്.

കലാകായികം

ആഴ്ചയിൽ ഒരു പിരീഡ് 'സർഗവേള' എന്നതിൽ കുട്ടികളെ കഥ, കവിത, നാടൻപാട്ട്, ഡാൻസ് തുടങ്ങി കലാപരമായ കഴിവുകൾ വളർത്താൻ സഹായിക്കുന്ന കലാപരിപാടികൾ നടത്തിവരുന്നു. അതിൽ നിന്നും മികച്ച കലാപരിപാടികൾ അവതരിപ്പിക്കുന്നവരെ കണ്ടെത്തുന്നു. സമ്മാനങ്ങൾ നൽകുന്നു. ഓട്ടം, ചാട്ടം, തുടങ്ങി കായികപ്രവർത്തനങ്ങൾക്കും സമയം കണ്ടെത്താറുണ്ട്. മികച്ച ഓട്ടക്കാരേയും ചാട്ടക്കാരേയും കണ്ടെത്തി ഉപജില്ലാമത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും സമ്മാനങ്ങൾ നേടി

വരികയും ചെയ്യുന്നു. ഉപജില്ലാമത്സരങ്ങളിൽ കഥ, കടംകഥ, കവിത, ലളിതഗാനം, ദേശഭക്തിഗാനം, സംഘഗാനം, നാടോടിനൃത്തം, ചിത്രരചന, പെയിന്റിംഗ് എന്നിവയിൽ മത്സരിക്കുകയും എല്ലാവരും തന്നെ സമ്മാനങ്ങൾ നേടുകയും ചെയ്തുവരുന്നു.

**പ്രവൃത്തി പരിചയം**

ആഴ്ചയിൽ 2 പിരീഡ് പ്രവൃത്തിപരിചയക്ലാസ്സാണ്. അതിൽ പേപ്പർ കൊണ്ടുള്ള വിവിധതരം വസ്തുക്കൾ ഉണ്ടാക്കുന്നു. പാഴ്വസ്തുക്കൾ ഉപോയിഗിച്ച് നിർമ്മാണം, ബുക്ക് ബൈന്റിംഗ്, ഫാബ്രിക് പെയിന്റിംഗ്, ചിത്രതുന്നൽ, തുടങ്ങി നിർമാണപ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നു. മികച്ചവരെ കണ്ടെത്തി ഉപജില്ലാമത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്യുന്നു.

**ബാലസഭ**

എല്ലാമാസത്തിലും ഒരു ദിവസം ബാലസഭ നടത്തിവരുന്നു. ആ മാസത്തിലെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഥ, കവിത, സംഭാഷണം, സ്കിറ്റ്, ഇംഗ്ലീഷ് സ്കിറ്റ്, ഇംഗ്ലീഷ് കഥ, തുടങ്ങി വിവിധപരിപാടികൾ നടക്കുന്നു. IEDC കുട്ടികളേയും ഇതിൽ പങ്കെടുപ്പിക്കാറുണ്ട്.

**IEDC**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നു. മറ്റ് കുട്ടികളോടൊപ്പം എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കുന്നു. കൂടാതെ അവർക്ക് കൗതുകകരമായ സാധനങ്ങൾ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾ ലളിതമാക്കാൻ അധ്യാപകർ ശ്രമിക്കാറുണ്ട്.

**സ്കൂൾപത്രം**

കുട്ടികളുടെ ഒരു വർഷത്തെ മികച്ച രചനകൾ ഉൾപ്പെടുത്തി 'മിഠായി' എന്ന പേരിൽ

CamScanner

സ്കൂൾ വാർഷികത്തിൽ പത്രം ഇറക്കാറുണ്ട്. മിക്ക കുട്ടികളുടേയും രചനകൾ ഉൾപ്പെടുത്താറുണ്ട്. കഥ, കവിത, ആത്മകഥ, കുറിപ്പ്. വിവരണം, ചിത്രരചന തുടങ്ങി മലയാളത്തിലും ഇംഗ്ലീഷിലുമുള്ള രചനകൾ ഉൾപ്പെടുത്തിയാണ് പത്രം തയ്യാറാക്കുന്നത്.

## ക്യാമ്പ്

എല്ലാവർഷവും വേനലവധിയിൽ നാലോ, അഞ്ചോ, ദിവസം നീണ്ടുനിൽക്കുന്ന 'മാമ്പഴം' എന്ന പേരിൽ ക്യാമ്പ് നടത്തി വരുന്നു, കുട്ടികളുടെ സർവ്വതോന്മുഖവികസനം ലക്ഷ്യം വച്ച് നടത്തുന്ന ഈ ക്യാമ്പിൽ ധാരാളം കുട്ടികൾ പങ്കെടുക്കാറുണ്ട്. ഈ സ്കൂളിലേക്ക് മറ്റ് വിദ്യാർത്ഥികളേയും ഉൾപ്പെടുത്തിയാണ് ക്യാമ്പ് നടത്താറ്. വിജ്ഞാനവും, കലയും, കളിയും ഉൾപ്പെടുത്തി നടക്കുന്ന ഈ ക്യാമ്പ് നാടിന്റെ തന്നെ ഒരു ഉത്സവമാണ്. എല്ലാ ദിവസവും രാത്രിയിൽ നാടകം, കഥകളി, തുള്ളൽ. തുടങ്ങി വിവിധ കലാപരിപാടികളും നടത്തുന്നു. നാടകക്കളരിയും സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.

## പഠനയാത്ര

കുട്ടികൾക്ക് അറിവ് നേടുന്നതിന്റെ ഭാഗമായി ചെറിയ പഠനയാത്രകൾ സംഘടിപ്പിക്കാറുണ്ട്. പാടം, കൃഷിസ്ഥലങ്ങൾ, പോലീസ് സ്റ്റേഷൻ, പഞ്ചായത്താഫീസ്. പവർലൂം, ശലഭോദ്യാനം, കാട് തുടങ്ങി പല സ്ഥലങ്ങളിലേക്കും എല്ലാ കുട്ടികളേയും ഉൾപ്പെടുത്തി പോകുന്നു.

## വിനോദയാത്ര

എല്ലാവർഷവും കുട്ടികളുടെ ഉല്ലാസത്തിനുവേണ്ടി ഉല്ലാസയാത്രകൾ സംഘടിപ്പിക്കാറുണ്ട്. 1-ാം ക്ലാസ്സുമുതൽ 4-ാം ക്ലാസ്സുവരെയുള്ളവരെ ഇതിൽ ഉൾപ്പെടുത്താറുണ്ട്.

CamScanner

| അക്കാദമിക് പ്ലാൻ | വിഷയം- മലയാളം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| ഭാഷാപരമായ പുരോഗതി. മലയാളം എഴുതുവാനും വായിക്കാനുമുള്ള അവസരങ്ങൾ | മലയാള ഭാഷയുടെ ശരിയായ ഉച്ചാരണവും കൂടുതൽ പദസമ്പത്തും ഉണ്ടാവാൻ മലയാള കേൾക്കാനുള്ള അവസരങ്ങൾ അധികമായി ലഭ്യമാകും. അസംബ്ലിയിൽ കഥാവതരണം കവിതാവായന, പുസ്തകപരിചയം എന്നിവ ഉൾപ്പെടുത്തും.<br>ഭാഷാവ്യവഹാരങ്ങളായ കത്ത്, വിവരണം, വർണന, നാടകം, ദൃക്സാക്ഷിവിവരണം. കഥ,. കവിത തുടങ്ങിയവ പലപ്പോഴായി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. ICT സാധ്യതകൾ ഉപയോഗിച്ചുള്ള അവതരണങ്ങൾ. | വർഷം മുഴുവൻ<br>വർഷം മുഴുവൻ | ക്ലാസ്സ് അധ്യാപകർ<br>PTA<br>MPTA<br>SSA<br>പഞ്ചായത്ത്<br>OSA | 5000 |



CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം വായിക്കാനുള്ള അവസരം | വായിക്കാനുള്ള ശേഷി കണ്ടെത്താൻ പ്രിടെസ്റ്റുകൾ നടത്തും ക്ലാസ്സ് മുറികളിൽ വായനാസാമഗ്രികൾ ഒരുക്കും. വായിച്ച് ചെയ്യേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ കളികൾ നടത്തും. അക്ഷരമരം ഒരുക്കും | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | 10000 |
| മലയാളത്തിളക്കം, ശ്രദ്ധ | പിന്നോക്കം നിൽക്കുന്നവർക്കായി മലയാളത്തിളക്കം, ശ്രദ്ധ എന്നീ പരിപാടികൾ കൂടുതലായി പ്രാധാന്യം കൊടുക്കുന്നു. ലൈബ്രറി പുസ്തകങ്ങൾ കൂടുതലായി ഉപയോഗിക്കും | എല്ലാ ദിവസവും | ക്ലാസ്സ് ലീഡർ | 10000 |
| ലൈബ്രറി ഉപയോഗം വർദ്ധിപ്പിക്കുന്നു പത്രവായന | ക്ലാസ്സ് ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കും പത്രം വായിച്ച് പ്രധാനവാർത്തകൾ കണ്ടെത്തുന്നു. ക്ലാസ്സിൽ അവതരിപ്പിക്കുന്നു. Language lab ഉപയോഗിക്കും | എല്ലാ ദിവസവും | PTA OSA | 10000 |

CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഭാഷാ പ്രയോഗങ്ങൾ സാധ്യമാക്കൽ | അസംബ്ലിയിൽ അവതരണങ്ങൾ വായ നാകുറിപ്പ്, കഥ, കവിത പഴഞ്ചൊല്ല്, കടം കഥ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ<br>TA<br>MPTA<br>പഞ്ചായത്ത്<br>SSA<br>OSA<br>OTA | 10000 |
| ഭാഷയുടെ വിവിധ വ്യവഹാരരൂപങ്ങളെ ലേഖനരൂപത്തിലും അവതരണരൂപത്തിലേക്കും മാറ്റൽ | പാഠഭാഗങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റൽ നാടകം, റേഡിയോ നാടകം കവിതാവിഷ്ക്കരണം | | | |
| | സ്വന്തമായി കഥ, കവിത, കത്ത്, അനുഭവക്കുറിച്ച് എന്നിവയുടെ രചന | മാസം തോറും | | 10000 |
| മറ്റുള്ളവരിൽ നിന്ന് വിവരങ്ങൾ അറിയൽ | മാഗസിനുകൾ, പതിപ്പുകൾ എന്നിവ തയ്യാറാക്കും | ആഴ്ചയിൽ ഒരിക്കൽ | | 10000 |
| | ICT സാധ്യത ഉപയോഗിച്ച് കണ്ട കഥ ലേഖനരൂപത്തിലേക്ക് മാറ്റുന്നു. | ഓരോ ടേമിലും | | 20000 |
| | മലയാളകവിതകളും നാടൻപാട്ടുകളും രകസരമായി അവതരിപ്പിക്കുന്നവരെകൊണ്ട് ക്ലാസ് എടുപ്പിക്കും. | | | |

| അക്കാദമിക് പ്ലാൻ | വിഷയം-ഗണിതം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| ഗണിതപഠനം വളരെ ലളിതവും രസകരവുമാക്കുന്നു | ഗണിതകേളികളിലൂടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു സംഖ്യാകാർഡുകൾ ഉപയോഗിച്ച് എണ്ണം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ചെയ്യും ഉണ്ടാക്കി സ്ഥാനവില പഠിപ്പിക്കും | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ<br>PTA<br>MPTA<br>SSA<br>പഞ്ചായത്ത്<br>OSA | 10000 |

CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഗണിതശാസ്ത്ര മേഖലാ വികസനം | ഓരോ ക്ലാസ്സിലും ഗണിതലാബ് ഒരുക്കുന്നു.<br>ഓരോകുട്ടിക്കും ഗണിത കിറ്റ് ഗണിതപാട്ടുകൾ, പസിൽസ് ഗണിതക്വിസ്, ഗണിതശാസ്ത്രജ്ഞർ എന്നിവയുടെ ശേഖരം<br>ഗണിതമേള നടത്തും | എല്ലാ വർഷവും | പഞ്ചായത്ത്<br>OSA<br>ക്ലാസ്സ് ടീച്ചർ<br>MLA ഫണ്ട്<br>PTA<br>MPTA<br>SSA | |

CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| നാലാം ക്ലാസ്സു കഴിയുമ്പോഴേയ്ക്കും എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ചെയ്യാനുള്ള ശേഷി കൈവരിക്കുന്നു. | സങ്കലചാർട്ട്, വ്യവകലനചാർട്ട് ഗുണനചാർട്ട് എന്നിവ ഓരോ ക്ലാസിലും ഒരുക്കും ഗണിതകേളികൾ നടത്തും | എല്ലാ വർഷവും | ക്ലാസ്സ് അധ്യാപകർ<br>PTA<br>MPTA<br>പഞ്ചായത്ത്<br>0 | 50000 |

| അക്കാദമിക് പ്ലാൻ | വിഷയം- മലയാളം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| കുട്ടികൾക്ക് ശാസ്ത്ര ബോധം വളർത്തുന്നതിന്<br>നിരീക്ഷപാടവം വളർത്തുന്നതിന് | ശാസ്ത്രമാസികകൻ ശേഖരിക്കൽ പഠനയാത്രകൾക്ക് അവസരം .നൽകും<br>ശാസ്ത്രഉപകരണങ്ങൾ വാങ്ങും<br>പാഠഭാഗത്തെ കാര്യങ്ങൾ നൃൂതന സംവിധാനത്തിലൂടെ കണ്ട് മനസ്സിലാക്കുന്നതിന് ഉതകുന്ന സ്മാർട്ട് ക്ലാസ്സ്റൂം, പ്രൊജക്ടർ എന്നിവ ലഭ്യകാക്കും | വർഷം മുഴുവൻ<br>ജൂൺ മുതൽ സെപ്റ്റംബർ വരെ | ക്ലാസ്സ് ടീച്ചർ ടീച്ചർമാർ<br>SRG<br>PTA<br>MPTA<br>SSA<br>MLA FUND | 5000<br>7000<br>10000<br>15000<br>50000 |
| ശുചിത്വബോധം, ജലലഭ്യത എന്നിവയ്ക്ക് | ജൈവവൈവിധ്യപാർക്ക്, ശലഭോദ്യാനം , ഔഷധത്തോട്ടം, എന്നിവ നിർമിക്കും<br>പരിസരശുചീകരണം, മഴക്കുഴി നിർമാണം. | വർഷം മുഴുവൻ | ടീച്ചർമാർ<br>കുട്ടികൾ<br>PTA<br>MPTA | 10000 |



CamScanner

| അക്കാദമിക് പ്ലാൻ | വിഷയം- മലയാളം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| കുട്ടികൾക്ക് ശാസ്ത്ര ബോധം വളർത്തുന്നതിന്<br>നിരീക്ഷപാടവം വളർത്തുന്നതിന് | ശാസ്ത്രമാസികകൾ ശേഖരിക്കൽ പഠനയാത്രകൾക്ക് അവസരം .നൽകും<br>ശാസ്ത്രഉപകരണങ്ങൾ വാങ്ങും<br>പാഠഭാഗത്തെ കാര്യങ്ങൾ നൂതന സംവിധാനത്തിലൂടെ കണ്ട് മനസ്സിലാക്കുന്നതിന് ഉതകുന്ന സ്മാർട്ട് ക്ലാസ്സ്റൂം, പ്രൊജക്ടർ എന്നിവ ലഭ്യമാക്കും | വർഷം മുഴുവൻ<br>ജൂൺ മുതൽ സെപ്റ്റംബർ വരെ | ക്ലാസ്സ് ടീച്ചർ ടീച്ചർമാർ<br>SRG<br>PTA<br>MPTA | 5000<br>7000<br>10000<br>15000<br>50000 |
| ശുചിത്വബോധം,<br>ജലലഭ്യത എന്നിവയ്ക്ക് | ജൈവവൈവിധ്യപാർക്ക്, ശലഭോദ്യാനം , ഔഷധത്തോട്ടം, എന്നിവ നിർമിക്കും<br>പരിസരശുചീകരണം, മഴക്കുഴി നിർമാണം. | വർഷം മുഴുവൻ | SSA<br>MLA FUND<br>ടീച്ചർമാർ<br>കുട്ടികൾ<br>PTA<br>MPTA | 10000 |



CamScanner

| അക്കാദമിക് പ്ലാൻ | വിഷയം- ഇംഗ്ലീഷ് | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| 1.) എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് കേൾക്കാനുള്ള അവസരം നൽകും | ICT സാധ്യത ഉപയോഗിച്ച് ഇംഗ്ലീഷ് ഭാഷ കേൾക്കാനുള്ള അവസരം ഒരുക്കും.<br>ഓഡിയോ, വീഡിയോകാസറ്റുകൾ ഇതിനായി ഉപയോഗിക്കും.<br>പ്രൊജക്റ്ററിൽ ഇംഗ്ലീഷ് സിനിമ (കുട്ടികളുടെ നിലവാരത്തിലുള്ളത്) സ്കിറ്റ് കഥ എന്നിവ കാണിക്കും.<br>ഇംഗ്ലീഷിലുള്ള അസംബ്ലി നടത്തും. | 1 വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ<br>PTA<br>MPTA<br>പഞ്ചായത്ത്<br>MLA<br>FUND<br>OSA<br>OTA | 1,50000 |
| 2) എല്ലാകുട്ടികളും ഇംഗ്ലീഷ് പറയാനുള്ള ശേഷി കൈവരിക്കും, | വൈദഗ്ധ്യമുള്ള ആളുകളെ കൊണ്ടുവന്ന് ഇതിനായി ക്ലാസ്സ് നൽകും. (മാസത്തിൽ ഒരു തവണയെങ്കിലും)<br>Language Lab ഇതിനായി ഒരുക്കും,<br>പാഠഭാഗങ്ങളെ Role Play, Skit എന്നിവയാക്കി മാറ്റി കുട്ടികളെ ക്കൊണ്ട് അഭിനയിപ്പിക്കും. | എല്ലാ വർഷവും | ക്ലാസ്സ് ടീച്ചർ<br>PTA<br>MPTA<br>പഞ്ചായത്ത്<br>SSA<br>OSA<br>OTA | 25000 |

| അക്കാദമിക് പ്ലാൻ | വിഷയം- ഇംഗ്ലീഷ് | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| 3. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനുള്ള ശേഷി ഉണ്ടാക്കും. | ലൈബ്രറിയിൽ എല്ലാ കുട്ടികളുടെയും നിലവാരത്തിനു യോജിച്ച പുസ്തകങ്ങൾ ഒരുക്കും.<br>മാതാപിതാക്കളുടെ രചനകൾ കുട്ടികൾക്കായി സൃഷ്ടിക്കും.<br>ഇംഗ്ലീഷ് പത്രം അസംബ്ലിയിൽ ക്ലാസടിസ്ഥാനത്തിൽ വായിപ്പിക്കും.<br>ICT സാധ്യത ഉപയോഗിച്ച് കഥ, സ്കീറ്റ്, sentence എന്നിവ വായിപ്പിക്കും.<br>ക്ലാസ്സ് മുറികളിൽ വായനസാമഗ്രികൾ ഒരുക്കും. വായിക്കാനുള്ള ശേഷി കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തും.<br>Language Lab ഉപയോഗിക്കും. | വർഷം തോറും<br>എല്ലാ വർഷവും | ക്ലാസ്സ് ടീച്ചർ<br>PTA<br>MPTA<br>പഞ്ചായത്ത്<br>SSA<br>OSA<br>OTA | 50000 |



CamScanner

| അക്കാദമിക് പ്ലാൻ | വിഷയം- ഇംഗ്ലീഷ് | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| 3. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് തെറ്റുകൾ കൂടാതെ എഴുതാനുള്ള ശേഷി കൈവരിക്കും. | അക്ഷരമരം ഒരുക്കും.<br>ഓരോ ക്ലാസ്സിനനുസരിച്ച ധാരാളം പ്രവർത്തനങ്ങൾ ഇതിനായി നൽകും.<br>കുട്ടികളുടേതായ രചനകൾ എഴുതിക്കും.<br>കഥ പകർത്തി എഴുതിക്കും.<br>ICT സാധ്യത ഉപയോഗിച്ച് കണ്ടവ സ്വന്തമായി എഴുതും<br>സാധനസാമഗ്രികൾ ഉപയോഗിച്ച് അവയെക്കുറിച്ച് തനതായ ശൈലിയിൽ വിവരങ്ങൾ രേഖപ്പെടുത്തും.<br>Audion, Viedio ഉപയോഗിച്ച് രചനകൾ നടത്തും | വർഷം തോറും | ക്ലാസ്സ് ടീച്ചർ<br>PTA<br>MPTA<br>പഞ്ചായത്ത്<br>OSA<br>SSA | 10000 |

CamScanner

# ഉപസംഹാരം

കേരളത്തിലെ എയ്ഡഡ് മേഖല പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനത്തിൽ നിർണായക പങ്കുവഹിക്കുന്നുണ്ട്. ഓരോ വിദ്യാലയത്തെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും, അയൽപക്ക സമൂഹത്തിലെ വിദ്യാർത്ഥികളെല്ലാം അവിടെ എത്തിച്ചേരുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. ഇതു സാധിക്കണമെങ്കിൽ വിദ്യാലയങ്ങളെ ഭൗതികമായും അക്കാദമികമായും ഉന്നതിയിൽ എത്തിക്കേണ്ടതുണ്ട്. ഇതിന് വിദ്യാലയവുമായി നേരിട്ട് ബന്ധപ്പെട്ടവരോടൊപ്പം അയൽപക്കസമൂഹത്തിലെ മുഴുവൻ പേരെയും ഈ യജ്ഞത്തിന്റെ ഭാഗമാക്കി മാറ്റേണ്ടതുണ്ട്. നിലവിലുള്ള പിടിഎ, എം.പി.ടി.എ, തുടങ്ങിയ സമിതികൾക്കൊപ്പം പൂർവ്വവിദ്യാർത്ഥി സംഘടനയ്ക്കും വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിൽ കാര്യമായ സംഭാവനകൾ നൽകാനാകും. നാട്ടിലെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തിൽ ചേർന്നു പ്രവർത്തിക്കാൻ സന്നദ്ധതയുള്ള എല്ലാവരേയും സമഗ്രഗുണമേന്മ വിദ്യാലയ വികസനപദ്ധതികളിൽ പങ്കാളികളാക്കാം.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ലക്ഷ്യമാക്കിയുള്ള ഈ യജ്ഞത്തിൽ ഞങ്ങളും പങ്കുചേരുന്നു ഒരായിരം പ്രതീക്ഷകളോടെ മാറ്റത്തിനായി കാത്തിരിക്കുന്നു.

CamScanner

# അക്കാദമിക

## മാസ്റ്റർ പ്ലാൻ

## 2025-26

## STD-1

CamScanner

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ട-തായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്ന-തിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവ-ശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാവിയിലെ വിവിധതരം പ്രവർത്തന-ങ്ങൾ കുട്ടി സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റ് സഹായികൾ ഉൾപ്പെടുത്തിക്കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദ-മിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

CamScanner

## ലക്ഷ്യങ്ങൾ

# മലയാളം

→ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുത്തും വായനയും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാൻ കഴിവുള്ളവരാക്കുക

→ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ രചനകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

→ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

→ രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ സമൂഹമാധ്യമങ്ങളിൽ പങ്കിടൽ,

→ ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.

→ കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

→ തിയേറ്റർ സാധ്യതകൾ, വായന കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.

→ ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.

→ ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരം നൽകുന്നു.

→ സർഗശേഷികൾ കൈവരിക്കുന്നു.

→ ആശയം ഗ്രഹിച്ച് മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് അവസരം ഒരുക്കുന്നു.

→ പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്ററിൽ ഏർപ്പെടുന്നു.

→ രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.

രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

CamScanner

## ജൂൺ - പ്രവർത്തനങ്ങൾ

→ സചിത്ര നോട്ട്ബുക്ക്, സചിത്ര പ്രവർത്തന പുസ്തകം ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ

→ സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

→ അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം.

→ ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല

→ താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

## ജൂലൈ

→ സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ

→ കുട്ടിക്ക് കഥ പറയാൻ അവസരം നൽകൽ

→ വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ

→ രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.

→ ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

→ അക്ഷരപാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

→ ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

## ഓഗസ്റ്റ്

→ റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ് മലയാള മധുരം പ്രവർത്തനങ്ങൾ

→ ഭാഷാവികാസത്തിന് അവസരം ഒരുക്കുന്നു.

→ സംയുക്തഡയറി എഴുതുന്നത് തുടരുന്നു.

→ പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

CS CamScanner

→ ഭാഷാശേഷി വർധിപ്പിക്കുന്നതിനായി അക്ഷരകാർഡുകൾ ചിത്ര വായന കാർഡുകൾ തയ്യാറാക്കുന്നു.

→ രചനോത്സവത്തിൽ കുട്ടികൾ സ്വന്തം രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

→ ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ എത്തിച്ചേരുന്നു.

## സെപ്റ്റംബർ

→ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

→ സ്വന്തം രചന പരിപോഷിപ്പിക്കാൻ അവസരമൊരുക്കുന്നു

→ വ്യക്തിഗതമായ രചനകൾക്ക് അവസരം നൽകുന്നു.

→ അനുഭവിച്ചറിഞ്ഞ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം നൽകുന്നു.

## ഒക്ടോബർ

→ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

→ വ്യക്തിഗത രചനകൾക്ക് അവസരം.

→ കുട്ടികളെ സ്വന്തം രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

→ ചിത്ര വായനയ്ക്ക് അവസരം നൽകുന്നു

→ വായനോത്സവം സംഘടിപ്പിക്കുന്നു

→ കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.

→ രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നു.



## നവംബർ

→ കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്രവായന പ്രോത്സാഹിപ്പിക്കൽ

→ വായനോത്സവം തുടങ്ങുന്നു.

→ ചിത്രവായനക്ക് അവസരം നൽകുന്നു.

→ രചനോത്സവം തുടങ്ങുന്നു.

→ സംയുക്ത ഡയറി മെച്ചപ്പെടുത്തൽ

→ താളാത്മകമായി കവിത ചൊല്ലൽ.

→ ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തന്നെ എഴുതുന്നു. ക്ലാസ്പത്രം രൂപപ്പെടുത്തുന്നു

## ഡിസംബർ

→ ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമാക്കുന്നു.

→ ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു

→ സംഘമായി ചേർന്ന് സഹകരണത്തോടെ കൂട്ടെഴുത്ത് നടത്തുന്നു

→ രചനശേഷി പരിപോഷിപ്പിക്കൽ

→ ലഘുകവിതകൾ എഴുതാൻ ശ്രമിക്കുന്നു.

→ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു

→ കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയപൂർണതയോടെ പറയുകയും എഴുതുകയും ചെയ്യുന്നു.

## ജനുവരി

→ ലഘുരചന ശില്പശാല നടത്തുന്നു

→ തിയേറ്റർ സാധ്യതകൾ, വായനാക്കളികൾ എന്നിവയിലൂടെ കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.

→ കുട്ടികളുടെ രചനകളുടെ പ്രദർശനം.

→ സംയുക്ത ഡയറിയിലെ മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിലേക്ക് ഉൾപ്പെടുത്തുന്നു.

CamScanner

→ കുട്ടികളുടെ സർഗശേഷികൾ, മികവുകൾ സമൂഹത്തിന് മുമ്പിൽ പ്രകടിപ്പിക്കുന്നു

## ഫെബ്രുവരി

→ കുട്ടികളുടെ രചനകൾ മാഗസിൻ തയ്യാറാക്കുന്നു.
→ തൽസമയ രചനകൾ നടത്തുന്നു.
→ ഭാഷോത്സവം, രചനോത്സവം സംഘടിപ്പിക്കുന്നു.
→ കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുമ്പിൽ കാണിക്കുന്നു.

## മാർച്ച്

→ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ
→ വീട്ടുവായന, കൂട്ടുവായന, ചങ്ങല വായന, സ്വന്തം വായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു.

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ :-

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു
- 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- 5 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, വായിക്കുന്നു.
- 9-ൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിലാക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
- 1-20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുവാനുള്ള കഴിവ് നേടുന്നു.

CamScanner

## ജൂൺ

→ സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
→ സംഖ്യ കാർഡ് നിർമ്മിക്കൽ

## ജൂലൈ

→ ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കളെ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
→ സംഖ്യ കാർഡ് തയ്യാറാക്കൽ

## ഓഗസ്റ്റ്

→ 1-20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
→ കൂടുതൽ കുറവ് തിരിച്ചറിയുന്നു.
→ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

→ സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
→ ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന, വ്യവകലന ക്രിയകൾ ചെയ്യുന്നു.
→ ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്

## ഒക്ടോബർ

→ ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
→ വലിയസംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ.
→ ലളിത ഗണിത പ്രവർത്തനങ്ങൾ

## നവംബർ

→ സംഖ്യാഗാനങ്ങൾ, പാടുന്നു, ശേഖരിക്കുന്നു.
→ ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

→ സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിലെഴുതൽ
→ ഗണിത ആൽബം തയ്യാറാക്കൽ

CamScanner

## ജനുവരി

→ ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും കൂട്ടിയുള്ള, വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

→ 1 - ൽ മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

→ സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

## ഫെബ്രുവരി

→ ഗണിത തത്വം പ്രയോഗം

→ വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

→ ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.

→ സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

→ വർക്ക് ഷീറ്റുകൾ, ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

CamScanner

# ഇംഗ്ലീഷ്

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak in English fluently like Malayalam we have to keep the language English close to our heart. The Academic master plan is designed to ensure that not a single child goes illiterate.

## Objectives & Outcomes :-

→ Respond to simple instructions in classroom.
→ Describe orally about the pictures and objects.
→ Familiarise with simple words
→ Enjoy songs and sing them with action.
→ familiarise the name of birds, animals their young ones and identifies them from pictures.

### June

- Introduce simple words.
- provides picture cards.

### July

- Identify familiar words
- say familiar words
- Read familiar words.
- Write familiar words.

### August

- Enjoy song and sings them with action.
- Describes orally about pictures and objects using adjectives.

CamScanner

## September

- Read and write simple words and sentences.
- Provides picture cards and reading cards.

## October

- Introduce simple picture descriptions.
- Make word - sentence chain.
- Make riddles
- textbook activities.

## November

- prepare reading cards.
- provide more opportunities to read, write and speak English
- write 5 English words daily.

## December

- Read and understand simple instructions.
- Encourage digital reading.

## January

- Enjoy songs and sings them with action
- Make picture albums.
- collect pictures of animals and their young ones.

## February

- provide the opportunity to express 'myself'.
- English assembly once in a week.

## March

- speaks English
- Read and write simple sentence
- picture reading and picture description.

CamScanner

# 2025-'26

# Academic Master plan

## Standard II

## V.V.L.P. School Chittilappilly

CamScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

## Standard 2.

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മകമേഖല, വൈകാരികമേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും ഭാഷാപരമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തനലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, കഥ, എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു [കവിതാ പൂരണം]

## മുന്നൊരുക്കം

→ പ്രീടെസ്റ്റ് നടത്തുന്നു.
എല്ലാ തലങ്ങളിലും പെട്ട കുട്ടികളെയും കണ്ടെത്തുന്നു.

→ കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തനലക്ഷ്യം

* രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ജൂൺ

* ചിത്രകാർഡുകൾ നൽകൽ [ചിത്രവും പദവും ഉൾക്കൊണ്ട്]
* ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടുലൈബ്രറി ഒരുക്കൽ
* ചിത്രവിവരണം
* വായനതലത്തിൽ എത്തിച്ച് വ്യത്യസ്തവ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.
*

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണമൊരുക്കൽ
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
* വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

CS CamScanner

ഉദാ:

അന #4

വലിയ അന

കറുത്ത വലിയ അന

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

* ഭാഷയുടെ വിവിധതലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാപൂരണം)
* ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
* കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

## മാർച്ച്

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
* ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ

CS CamScanner

* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, #5
അമ്മവായന, ചിത്രവായന ഇവയെ
പ്രോത്സാഹിപ്പിക്കൽ.

* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

CamScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

## Std 2

### ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ടു തന്നെയാണ് "ഉല്ലാസഗണിതം" പദ്ധതിയും മുന്നോട്ടുവന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ടു തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിതപ്രവർത്തനത്തിലൂടെ താൽപര്യമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ടു വെക്കുന്നത്.

* പ്രവർത്തനലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസ്സിലെ കുട്ടിയെ 1000 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ
* സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

* ഒരു നിശ്ചിതസംഖ്യയിൽ നിന്നും തുടങ്ങി എണ്ണുന്നു. എഴുതുന്നു. (1000 ൽ താഴെ)
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

## മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

→ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്തരീതിയിൽ പ്രയോജനപ്പെടുത്തൽ

## ആമുഖം

